പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2761 19/06/2014 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## റവന്യൂ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിന് ഈ സർക്കാർ വന്നതിനു ശേഷം ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുവദിച്ചിട്ടുണ്ട്; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (എൻ.എൽ.ആർ.എം.പി) പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും തുടർച്ചയായി അനുവദിച്ച് നടത്തപ്പെടുന്നു. ജില്ലാ നവീകരണത്തിനായുളള കേന്ദ്രാവിഷ്കൃത പദ്ധതിയും അനുവദിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര രൂപ ചെലവഴിച്ചു; | (ബി) എൻ.എൽ.ആർ.എം.പി പദ്ധതി<br>അനുവദിച്ചത് 3510.59 ലക്ഷം<br>ചെലവഴിച്ചത് 969.10 ലക്ഷം<br>ജില്ലാ നവീകരണ പദ്ധതി<br>അനുവദിച്ചത് 7 കോടി<br>ചെലവഴിച്ചത് 5,71,48,163 രൂപ |
| (സി) ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചു; ഏതെല്ലാം പദ്ധതികൾ ആരംഭിക്കാനുണ്ട്; വിശദാംശങ്ങൾ നൽകുമോ: | (സി) എൻ.എൽ.ആർ.എം.പി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 9 ജില്ലകളിലെ റീസർവ്വേ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പാലക്കാട്ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ വകുപ്പുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചു കൊണ്ട് 15/09/2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 25% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ്, ഡാറ്റാ എൻട്രി എന്നിവ നടപ്പിലാക്കി വരുന്നു. ഇതിൽ 6 ജില്ലകളിലെ ഡാറ്റാ എൻട്രിയും 7 സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ |

വാല്യങ്ങളുടെ സ്കാനിംഗും പൂർത്തിയായി.

ജില്ലാ നവീകരണ പദ്ധതിയിൻ കീഴിൽ ജില്ലാ കളക്ടർമാർ തെരഞ്ഞെടുക്കുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഓരോ ജില്ലയിലും ചെറുതും വലുതുമായ പല പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) 100 ശതമാനവും കേന്ദ്രസഹായമുള്ള പദ്ധതികൾ ഏതെല്ലാമാണ്

(ഡി) എൻ.എൽ.ആർ.എം.പി പദ്ധതിയിൽ ഭൂരേഖകളുടെ ആധുനികവത്കരണം, ഭൂരേഖകളുടെ കമ്പ്യൂട്ടർ-വത്കരണം എന്നിവയ്ക്കാണ് 100% കേന്ദ്രസഹായ മുള്ളത്.

ജില്ലാ നവീകരണ ഫണ്ട് പൂർണ്ണമായും കേന്ദ്ര സഹായ പദ്ധതിയാണ്.

(ഇ) സംസ്ഥാനവിഹിതം കൂടി ഉൾപ്പെടുന്ന പദ്ധതികൾ ഏതെല്ലാം?

(ഇ) എൻ.എൽ.ആർ.എം.പി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഭൂമി സംബന്ധമായ റിക്കാർഡുകളുടെ ആധുനികവത്കരണം ഭൂരേഖകളുടെ കാലോചിതമായ സർവെയും തീർപ്പാക്കലും എന്നിവ ഉൾപ്പെട്ട് വരുന്നു. 25% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവത്കരണം ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ